ഉത്തരം.

(എ) ജാതിക്കയും കറാമ്പും തോട്ടമായി കൃഷിചെയ്യുന്നതു് കേരളത്തിൽ വളരെ പുതുമയായുള്ള. ഇവയെക്കുറിച്ചുള്ള കൃത്യമായ കണക്കുകളും ശേഖരിച്ചിട്ടില്ല.

(ബി) ഉണ്ടു്.

(സി) ഇപ്പോഴും പദ്ധതിയൊന്നും രൂപീകരിച്ചുകഴിഞ്ഞതിട്ടില്ല.

ജൂനിയർ ടെക്നിക്കൽ സ്കൂൾ വിദ്യാർത്ഥികളുടെ സമരത്തിൽ പോലീസ് അവിഹിതമായി ഇടപെട്ട എന്നുള്ള ആവലാതി.

149. [20] ശ്രീ. എം. വി. വാസു : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടിനൽകുമോ :

(എ) ജൂനിയർ ടെക്നിക്കൽ സ്കൂൾ വിദ്യാർത്ഥികളുടെ ന്യായമായ സമരത്തിൽ പോലീസ് അവിഹിതമായി ഇടപെട്ട എന്നുള്ള ആവലാതി മന്ത്രിക്കു് ലഭിച്ചിട്ടുണ്ടോ ;

(ബി) എത്ര കേന്ദ്രങ്ങളിൽ ഈ വിദ്യാർത്ഥികൾക്കെതിരായി പോലീസ് ഇടപെട്ടിട്ടുണ്ടു് ;

(സി) എത്ര സ്ഥലത്തു് ലാത്തിചാർജ്ജു് നടക്കുകയുണ്ടായി ;

(ഡി) എവിടെയെല്ലാം?

ഉത്തരം.

(എ) ഉണ്ടു്.

(ബി) പത്തു കേന്ദ്രങ്ങളിൽ സമാധാനപരിപാലനത്തിനു് പോലീസ് ഇടപെട്ടിട്ടുണ്ടു്.

(സി) ലാത്തിചാർജ്ജു് ഒരു സ്ഥലത്തും ഉണ്ടായിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

UNSTARRED QUESTIONS POSTED FOR ANSWER ON 29-1-1964

പുതിയ ട്രാൻസ്പോർട്ട് ലൈനുകൾ.

150. [1] ശ്രീ. ഡി. ദാമോദരൻ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഗതാഗതവുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര താലൂക്കിലുള്ള ഏതെല്ലാം ലൈനുകളിൽ പുതിയതായി ട്രാൻസ്പോർട്ടുബസ്സുകൾ ഏർപ്പെടുത്താൻ നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടു്;

(ബി) ആയൂർ – കൊട്ടാരക്കര - പുത്തൂർ ഈ ലൈനുകളിൽ പ്രൈവറ്റു ബസ്സുകൾ വേണ്ടത്ര ഇല്ലാത്തതുകൊണ്ടു് വിദ്യാർത്ഥികളും സർക്കാർ ഉദ്യോഗസ്ഥന്മാരും, മറ്റു യാത്രക്കാരും വളരെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നതായും, ഈ ലൈനിൽ ഉടൻ തന്നെ എത്രയും ട്രാൻസ്പോർട്ട് ബസ്സുകൾ ഓടിക്കാൻ ഉത്തരവു കൊടുക്കണമെന്നും മെമ്മോറാണ്ടം ലഭിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി എടുത്തു ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം.

(എ) (1) കൊട്ടാരക്കര-ചേപ്പറ.
(2) ചിങ്ങേലി-ചടയമംഗലം.
(3) കൊട്ടാരക്കര-പന്തളം (തട്ട-ആനന്തപ്പള്ളി വഴി)
(4) കൊട്ടാരക്കര-കോട്ടുകാൽ-ചെങ്ങമനാട വഴി.
(5) ഓയൂർ-പുത്തൂർ-കുന്നത്തൂർ.
(6) ആയൂർ-കൊട്ടാരക്കര-പുത്തൂർ.

(ബി) ഉണ്ട്.

(സി) അതു പരിഗണനയിലിരിക്കുകയാണ്.

ഹൗസിംഗ് ലോൺ.

151. [4] ശ്രീ. ജി. ചന്ദ്രശേഖരപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1962-63-ൽ ഗവണ്മെന്റു സപ്ലൻറ്സ് ഹൗസ്കൺസ്ട്രക്ഷൻ ലോണിനു് എത്ര അപേക്ഷകരം ഉണ്ടായിരുന്നു; അവരിൽ എത്രപേർക്ക് ലോൺ കൊടുത്തു ; എന്നു കൊടുത്തു ;

(ബി) അപേക്ഷിക്കുന്നതിനു അവസാന തീയതി ക്രിപ്പപ്പെടുത്തിയിട്ടുണ്ടായിരുന്നോ ; എങ്കിൽ തീയതി ഏതു് ;

(സി) പ്രസ്തുത തീയതിക്കുശേഷം അപേക്ഷിച്ചവർക്കും ഹൗസിംഗ് ലോൺ അനുവദിച്ചിട്ടുണ്ടോ ; എത്രപേർക്ക് അനുവദിച്ചു ; എപ്പോഴാണു് അനുവദിച്ചതു്; അവർ അപേക്ഷിച്ചതെപ്പോഴാ ;

(ഡി) അങ്ങനെ അനുവദിക്കാൻ പ്രത്യേകം കാരണം വല്ലതുമുണ്ടോ?

ഉത്തരം.

(എ) 517. അവരിൽ പുൻഗണനയനുസരിച്ചു് 344 പേർക്കു് ആ വർഷത്തിലും (1962-63) 127 പേർക്കു് 1963-64-ലും ലോൺ കൊടുത്തു.

(ബി) ഹൗസ്ലോണിനു് അപേക്ഷിക്കുന്നതിനുള്ള അവസാന തീയതി 1962-63-ൽ 30-11-1962 ആയും 1963-64-ൽ 31-5-1963 ആയും ക്രിപ്പപ്പെടുത്തിയിരുന്നു.

(സി) പ്രസ്തുത തീയതികരം കുശേഷം അപേക്ഷിച്ച ആർക്കും ഹൗസിംഗ് ലോൺ അതാതു വർഷങ്ങളിൽ അനുവദിച്ചിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

പെൻഷൻകാർക്കു് ആശ്വാസം.

152. [5] ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെൻഷൻകാർക്കു് എന്തെങ്കിലും സാമ്പത്തികാശ്വാസം നല്കുന്ന കാര്യം ഈ ഗവണ്മെൻറിന്റെ ആലോചനയിലുണ്ടോ ;

(ബി) എങ്കിൽ എന്താണതിന്റെ വിശദവിവരം ?

ഉത്തരം.

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly